**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2563** **24-06-2024 - ൽ മറുപടിയ്ക്ക്**

**മുണ്ടേരി വിത്തുകൃഷി തോട്ടത്തിൽ വ്യവസായ പാർക്ക് ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ മുണ്ടേരി വിത്തു കൃഷി തോട്ടത്തിൽ വ്യവസായ പാർക്ക് ആരംഭിക്കാൻ പദ്ധതിയുണ്ടായിരുന്നോ എന്നറിയിക്കാമോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ സ്ഥല വിസ്തീർണ്ണമടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | (എ) & (ബി)<br><br>മലപ്പുറം ജില്ലയിലെ മുണ്ടേരി വിത്തു കൃഷി തോട്ടത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്ന പദ്ധതി വ്യവസായ വകുപ്പിന്റെ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത തോട്ടത്തിൽ ഏതുതരത്തിലുള്ള വ്യവസായ പാർക്കാണ് ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും ആയതിന് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളും തൽസ്ഥിതിയും വിശദമാക്കാമോ; ഇതിനാവശ്യമായ ഫണ്ട് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിച്ചിരുന്നതെന്നും അറിയിക്കാമോ; | (ബി) | (എ) & (ബി)<br><br>മലപ്പുറം ജില്ലയിലെ മുണ്ടേരി വിത്തു കൃഷി തോട്ടത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്ന പദ്ധതി വ്യവസായ വകുപ്പിന്റെ പരിഗണനയിലില്ല. |
| (സി) | സംസ്ഥാനത്ത് എവിടെയൊക്കെയാണ് നിലവിൽ നാളികേര വ്യവസായ പാർക്കുകൾ ഉള്ളതെന്നും ഓരോ പാർക്കിന്റെയും ഭൂമിയുടെ വിസ്തീർണ്ണം അടക്കമുള്ള വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഇവയിൽ ഏതെല്ലാം നാളികേര വ്യവസായ പാർക്കുകളാണ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ചതെന്നും അറിയിക്കാമോ; | (സി) | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കുറ്റിയാടി കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്കിന്റെ നിർമ്മാണത്തിനായി 115.13 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇവിടെ അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. കിഫ്ബി ഫണ്ട് ഉപയോഗിച്ചിട്ടില്ല. |
| (ഡി) | മലപ്പുറം ജില്ലയിലെ മുണ്ടേരി വിത്തുകൃഷി തോട്ടത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്ന പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) | മലപ്പുറം ജില്ലയിലെ മുണ്ടേരി വിത്തു കൃഷി തോട്ടത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്ന പദ്ധതി വ്യവസായ വകുപ്പിൽ ഇല്ല. |

സെക്ഷൻ ഓഫീസർ